9-ാം വർഷം
2025
ജൂൺ 01
ഉയിർപ്പ് ഏഴാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS

സ്നേഹത്താൽ തുടരുന്ന ദൗത്യം

ഏശ 6:1-13, നട 1:15-26, ഫിലി 2:1-11, മാർക്കോ 16:14-20 (920)

നമുക്ക് ചുറ്റും ഹൃദയാർദ്രത ഉള്ള മനുഷ്യർ ദിനം പ്രതി കുറഞ്ഞു വരിക യാണല്ലോ.

"What do you want to be when you grow up?"

"....Kind''. the boy said. (The Boy, the Mole, the Fox and the Horse)

വലുതാകുമ്പോൾ ആരാകണമെ ന്നാണ് നീയാഗ്രഹിയ്ക്കുന്നത്?

"കൂടുതൽ ദയവുള്ള ഒരാൾ"

അവൻ തന്റെ ജീവിതത്തിലുട നീളം സംസാരിച്ചത് സരള ഹൃത്തരാ യിരിയ്ക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടാണ്. അവന്റെ വാഗ്ദാനമോ 'ഞാൻ നിങ്ങളുടെ ശിലാഹൃദയങ്ങൾ എടുത്തുമാറ്റി, മാംസളമായ ഹൃദയങ്ങൾ നൽകും' എന്നതായിരുന്നുവല്ലോ. ഹൃദയം കഠിനമാകുന്നിടത്ത് സ്നേഹം മരിയ്ക്കുന്നു. സ്നേഹം മരിയ്ക്കു മ്പോൾ, പ്രതീക്ഷയും പ്രത്യാശയും ഒപ്പം കൊല ചെയ്യപ്പെടുന്നു. പ്രത്യാശയില്ലാ ത്തിടത്ത് എന്താണ് വിശ്വാസം? വചനം പറയുന്നു: 'സ്നേഹം സകലതും, വിശ്വസിയ്ക്കുന്നു, സകലതും പ്രത്യാശിയ്ക്കുന്നു'.

പ്രത്യാശ നഷ്ടപ്പെട്ടതുകൊണ്ടാ ണല്ലോ, ദിവസം രണ്ടു കഴിയുമ്പോ ഴേക്കും പത്രോസും ടീമും പഴേ വഞ്ചി യും വലയുമെടുത്തു കടലിലോട്ടു വിട്ടത്. അപ്പന്റെ കൂടെ വല നന്നാ ക്കുന്നിടത്തും വഞ്ചിപ്പടവിൽ നിന്നു മൊക്കെ അവൻ വീണ്ടെടുത്ത മനുഷ്യരാണ്, വിട്ടുപോന്നിടത്തെയ്ക്ക് തന്നെ തിരിച്ചു ചെല്ലാൻ തീരുമാനിച്ചത്.

"പിന്നീട്, അവർ പതിനൊന്നു പേർ ഭക്ഷണത്തിനിരിക്കുമ്പോൾ, അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു. ഉയിർപ്പിക്ക പ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ

സന്തോഷ് ചുങ്കത്ത്

കുറ്റപ്പെടുത്തി.” സ്നേഹം മരിയ്ക്കുന്നത്, കാക്കകളുടെ മരണം പോലെയാണ് എന്ന് പറയാറുണ്ടല്ലോ. ഇക്കാണുന്ന കാക്കതൊള്ളായിരം കാക്കകൾ എവിടെപോയി ചത്തൊടുങ്ങുന്നുവെന്നു ആർക്കറിയാം!

വിശ്വാസം ചില്ലറ ത്യാഗമൊന്നു മല്ല ആവശ്യപ്പെടുന്നത്. സ്നേഹം കൊണ്ട് ബന്ധിയ്ക്കപെട്ടിട്ടില്ലായെങ്കിൽ എളുപ്പം കെട്ടുപോകുന്ന കനൽ തരി പോലെയാണത്. ഉയിര് ഉലയിൽ ചേർത്ത് ഊതി ഊതി, കെടാതെ ഞാനും നിങ്ങളും കാത്തുപാലിയ്ക്കെ ണ്ടുന്ന ഒന്നാണ് വിശ്വാസം. ആ വിശ്വാ സത്തിന്റെ ,സ്നേഹത്തിന്റെ കുറവാ യിരുന്നു അവനെ ഏറെ വേദനിപ്പിച്ചത്. രണ്ടു ദിവസം കൊണ്ട് നിങ്ങൾ എല്ലാം മറന്നുപോയല്ലോ എന്നവൻ തീർച്ച യായും പരിതപിച്ചുകാണും. അതുകൊ ണ്ടാണ് വി. പൌലോസിന്റെ സ്നേഹ ത്തിന്റെ ലുത്തിനിയയിൽ ‘സ്നേഹം ദീർഘ ക്ഷമയുള്ളതാണെന്നു’ വാഴ്ത്തുന്നത്.

കെട്ടിയതിന്റെ മൂന്നാം മാസം തെങ്ങിൽ നിന്നും വീണു കിടപ്പിലായ തന്റെ ഭർത്താവിനെ പോറ്റാനും ശുശ്രൂ ഷിയ്ക്കാനും രാവും പകലും പെടാപാട് പെടുന്ന ഒരു ചേച്ചിയെ അറിയാം. ‘ഇട്ടിട്ട് പോ പെണ്ണെ’ എന്നും പറഞ്ഞ്, സ്വന്തം അപ്പനും ആങ്ങളമാരും പറഞ്ഞിട്ടും അവൾ പോയില്ല. ‘ഞങ്ങൾ വിളിച്ചാൽ അവൾ വരും എന്ന് പറഞ്ഞു, വിളിക്കാൻ വന്ന നാത്തൂന്മാരെയും അവൾ സ്നേഹ ത്തോടെ പറഞ്ഞയച്ചു. ‘മൂന്നുമാസം കൊണ്ട് ഇയാൾ എന്നെ അത്രയ്ക്ക് സ്നേഹിച്ചിട്ടുണ്ട്’. കുടുകുടാ വീഴുന്ന കണ്ണീരുകൊണ്ട് മാത്രമാണ് അയാൾ അവളോട് സംസാരിക്കാറുള്ളത്. ‘നിങ്ങൾ കരയല്ലേ മനുഷ്യാ’ എന്ന് അവരും സ്നേ ഹത്തോടെ കെറുവിയ്ക്കും. ‘സ്നേഹം സ്വാർത്ഥം അന്വേഷിക്കു ന്നില്ല’.

ദീർഘക്ഷമയുള്ള ആ സ്നേഹം തന്റെ ശിഷ്യരിൽ കാണാത്തതുകൊ ണ്ടാണ് അവൻ അവരോട് പരിഭവിച്ചത്. ദൌത്യം ഭരമെല്പിയ്ക്കും മുമ്പ് അവൻ അവരെ സ്നേഹത്തിൽ ഒരിയ്ക്കൽ കൂടെ സ്നാനപ്പെടുത്തുകയായിരുന്നു. സ്നേഹമില്ലെങ്കിൽ ദൌത്യം പരാജയപ്പെടും.

ലോകമെങ്ങും പോയി സുവിശേഷം അറിയിയ്ക്കുക

എന്താണ് സവിശേഷമായ ആ വാർത്ത?

സഹോദരാ - സഹോദരി, ദൈവം നിങ്ങളെ ഗാഢമായി സ്നേഹിയ്ക്കുന്നു.

സ്നേഹത്തിൽ വീണ്ടെടുക്ക പെട്ടവർക്ക് മാത്രമേ ഈ സ്നേഹവിശേ ഷം പങ്കുവയ്ക്കാനാകുകയുള്ളൂ. അനുഭവിയ്ക്കാത്ത സ്നേഹം പകർന്നു കൊടുക്കാൻ ആർക്ക് കഴിയും? ദൌത്യം നല്കപെട്ടു കഴിഞ്ഞു. നമ്മൾ ലോക മെങ്ങും പോകണം. എല്ലാ സൃഷ്ടിക ളോടും സദ്വാർത്ത അറിയിയ്ക്കണം. അത് അയയ്ക്കപ്പെടുന്നവർക്കുള്ള ദൌത്യമാണ്. “വചനം പ്രസംഗിയ്ക്കുക, സാഹചര്യം അനുകൂലമോ പ്രതികൂ ലമോ ആകട്ടെ....” അതൊരു കല്പന യാണ് അഭ്യർത്ഥനയോ നിർദേശമോ അല്ല.

ഇത് എനിയ്ക്കും നിങ്ങൾക്കും ഭരമേൽപ്പിച്ചിട്ടുള്ള, വിട്ടൊഴിവില്ലാത്ത ദൌത്യമാണ്. അവന്റെ പുനരാഗമനം വരെയും നമ്മളും നമ്മുടെ സന്തതി പരമ്പരകളും തുടരേണ്ടുന്ന ഒരു നിയോഗത്തിന്റെ നൈരന്തര്യത്തേ കൂടി ഓർമിപ്പിയ്ക്കാനാണ് ഈ സുവിശേഷ ഭാഗം നൽകപ്പെട്ടിട്ടുള്ളത്. സ്നേഹം കൊണ്ട് മാത്രം തുടരാനാകുന്ന വലിയൊരു ദൌത്യം!

രക്ഷ പ്രാപിയ്ക്കണമെങ്കിൽ വിശ്വാസം കൂടിയേ തീരൂ. അതൊരു മിനിമം കോമൺ സെൻസാണ് എന്ന് പറയേണ്ടി വരും. വിശ്വസിയ്ക്കാത്ത ഒന്നിൽ എങ്ങനെയാണ് എനിയ്ക്ക് ആശ്രയിക്കാൻ പറ്റുക?

അവിശ്വാസം ശിക്ഷാർഹമാ കുന്നു എന്ന് വചനം പറയുമ്പോൾ ആരെങ്കിലും അത്ഭുതപ്പെടുന്നുണ്ടോ? രോഗവിമുക്തി നേടാൻ ഔഷധം ആവശ്യമെങ്കിൽ അത് കുടിയ്ക്കാൻ വിസമ്മതിക്കുന്നത് മരണത്തിന് കാരണമാകുന്നു എന്നും കൂടെ അർത്ഥ മുണ്ടല്ലോ അല്ലെ. അതുപോലെ, ‘രക്ഷ പ്രാപിയ്ക്കാൻ സുവിശേഷത്തിൽ വിശ്വസിയ്ക്കണം’ എന്ന് പറയുന്നതും അതെ അർത്ഥത്തിൽ തന്നെ വായിക്കപ്പെടെണ്ടതാണ്.

“ദൈവം തന്റെ പുത്രനെ ലോക ത്തിലേക്കയച്ചത് ലോകത്തെ ശിക്ഷ യ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്. അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസി ക്കായ്കമൂലം, നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിൻമ നിറഞ്ഞ തായിരുന്നു (യോഹന്നാൻ 3: 17-19).

’ഈ കടലും കാടും താണ്ടി, ആ നരഭോജികളുടെ നാട്ടിലേക്ക് വചനം പ്രസംഗിക്കാൻ എന്തിന് നമ്മൾ ആളു കളെ വിടണം’ എന്ന് സംശയിച്ച തന്റെ സൈന്യാധിപനോട് രാജാവ് ഇങ്ങനെ പറഞ്ഞുവത്രേ, ‘സൈന്യത്തെ മുന്നോട്ട് നയിക്കാൻ ഞാൻ നിങ്ങളോട് ആവശ്യ പ്പെട്ടാൽ, മറുചോദ്യത്തിന് നിങ്ങൾക്ക് എന്തെങ്കിലും സാധ്യതയുണ്ടോ?‘ സൈന്യാധിപൻ തലതാഴ്ത്തി. ’ ’അങ്ങ നെയെങ്കിൽ ലോകാവസാനം വരെ ഞാ നും നിങ്ങളും തുടരേണ്ടുന്ന വലിയൊരു ദൌത്യത്തിന് തടസ്സം പറയാൻ അപ്പോൾ ഞാനാരാണ് സുഹൃത്തേ?’.

ജീവിതം കൊണ്ട്, ആയിരിയ് ക്കുന്ന ഇടങ്ങളിലെല്ലാം വചനം പ്രസംഗിക്കുവാൻ നമുക്ക് കടമയുണ്ട്. വിശ്വസിക്കുന്നവരേ അടയാളങ്ങൾ കൊണ്ട് അവൻ ബലപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യും .

“വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കു കയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും.

ഒറ്റ വാക്കിൽ പറഞ്ഞാൽ ഭയപ്പെടേണ്ട, അവൻ കൂടെയുണ്ടാകും.

സ്തുതിയായിരിയ്ക്കട്ടെ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com